# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE : 02.09.2026**

## പ്രധാനവാർത്തകൾ

1) വന്യജീവി ആക്രമണത്തെ തുടർന്നുള്ള മരണത്തിലും, കൃഷിനാശത്തിലും സർക്കാർ നൽകുന്ന നഷ്ടപരിഹാര തുക അടിയന്തിരമായി വർദ്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

2) അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് നീട്ടാൻ ശിപാർശ ചെയ്ത് സംസ്ഥാന മന്ത്രിസഭായോഗം.

3) ജീവിത ശൈലീ രോഗങ്ങളുടെ ഏകോപിതമായ ചികിത്സ ഉറപ്പാക്കാൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് "ഹൃദയരാഗം " പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി കെ മുരളീധരൻ.

4) അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ലക്ഷ്യമിടുന്ന ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിച്ചു.

5) പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതിയെ തുടർന്ന് പ്രതിസന്ധിയിലായ സ്വകാര്യ ബസ് മേഖലയെ സംരക്ഷിക്കാൻ നിർണായക ശുപാർശകളടങ്ങിയ റിപ്പോർട്ട് പഠന സമിതി സംസ്ഥാന സർക്കാരിന് കൈമാറി.

6) കേരള ക്രിക്കറ്റ് ലീഗിൽ, കൊച്ചി ബ്ലൂ ടൈഗേഴ്സിനെതിരെ, ട്രിവാൻഡ്രം റോയൽസിന് എട്ട് വിക്കറ്റ് ജയം

RNU TVPM

****************************

## വന്യജീവി -മുഖ്യമന്ത്രി

വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ചവർക്കും സർക്കാർ നൽകുന്ന നഷ്ടപരിഹാര തുക അടിയന്തിരമായി വർദ്ധിപ്പിക്കുമെന്ന് മുഖ്യമന്ത്രി വിഡി സതീശൻ. കൃഷി നാശത്തിന് നിലവിൽ നൽകുന്ന നഷ്ടപരിഹാരം ഇരട്ടിയാക്കും.

വനാതിർത്തി പ്രദേശത്തെ മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള കർമ്മ പദ്ധതി ചർച്ച ചെയ്യുന്നതിന് വനം വകുപ്പ് സംഘടിപ്പിച്ച എംപിമാരുടെയും എംഎൽഎമാരുടെയും സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. മനുഷ്യ-വന്യജീവി സംഘർഷത്തിൽ ശാശ്വത പരിഹാരത്തിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു. വനംമന്ത്രി ഷിബു ബേബി ജോൺ സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

*************************

## മന്ത്രിസഭ

അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറുമാസത്തേക്ക് നീട്ടാൻ ശിപാർശ ചെയ്ത് സംസ്ഥാന മന്ത്രിസഭായോഗം. 2026 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ അവസാനിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധിയാണ് നീട്ടിയതെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ വാർത്തസമ്മേളനത്തിൽ അറിയിച്ചു. ലഹരിമരുന്ന് കേസുകളുടെ വിചാരണ വേഗത്തിലാക്കാൻ പാലക്കാട്, മഞ്ചേരി, തൃശൂർ എന്നിവിടങ്ങളിൽ മൂന്ന് പുതിയ എൻഡിപിഎസ് കോടതികൾ സ്ഥാപിക്കാനും മന്ത്രിസഭ തീരുമാനിച്ചു. സർക്കാർ പരിധിവിട്ട് കടമെടുക്കുന്നു എന്ന പ്രചാരണം അടിസ്ഥാനരഹിതമാണെന്നും ലോകത്ത് കടമെടുക്കാതെ പ്രവർത്തിക്കുന്ന ഒരു സർക്കാരുമില്ലെന്നും മുഖ്യമന്ത്രി പറഞ്ഞു.

RNU TVPM

***********************

## മന്ത്രി കെ മുരളീധരൻ (ഇൻട്രോ)

പ്രമേഹം ഉൾപ്പെടെയുള്ള ജീവിത ശൈലീ

രോഗങ്ങളുടെ ഏകോപിതമായ ചികിത്സ ഉറപ്പാക്കാൻ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് "ഹൃദയരാഗം " പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി കെ മുരളീധരൻ. ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ വിദഗ്ധ ഡോക്ടർമാരുടെ 24 മണിക്കൂർ സേവനം ലഭ്യമാക്കും. പ്രതീക്ഷ സെന്റർ എന്ന പേരിലാകും ഇത് അറിയപ്പെടുക. ജനങ്ങളുടെ ബുദ്ധിമുട്ടുകളും ആശുപത്രികളുടെ അവസ്ഥയും നേരിൽ കണ്ട് മനസിലാക്കിയാണ് ആരോഗ്യവകുപ്പിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതെന്നും കായകൽപ്പം എന്ന

പേരിൽ ജനസമ്പർക്കപരിപാടി ആവിഷ്കരിച്ചത് ഇതിന് വേണ്ടിയാണെന്നും മന്ത്രി വാർത്താസമ്മേളത്തിൽ അറിയിച്ചു.

**(വോയ്സ്.....)**

തിരുവനന്തപുരം,തൃശൂർ,കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യം വർധിപ്പിക്കുമെന്നും, മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പേര് "ഹാപ്പിനെസ് ആൻഡ് വെൽനസ് സെന്റർ" എന്നാക്കി മാറ്റുമെന്നും ആരോഗ്യമന്ത്രി വ്യക്തമാക്കി.

RNU TVPM

***********************

## ബാല്യസ്പന്ദനം.

ബാല്യസ്പന്ദനം' പദ്ധതിയുടെ സംസ്ഥാനതല

ഉദ്ഘാടനം തിരുവനന്തപുരം കൊടുങ്ങാനൂർ

കുടുംബാരോഗ്യകേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ നിർവഹിച്ചു. അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതിയാണ് 'ബാല്യസ്പന്ദനം' .

സംസ്ഥാനത്തെ 33,120 അങ്കണവാടികളിലെ മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഇതിലൂടെ ഉറപ്പാക്കും. ആവശ്യമായ സാഹചര്യങ്ങളിൽ

തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കാനും ഈ ത്രൈമാസ ആരോഗ്യ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

***********************

## പ്രിയദർശിനി -പഠന സമിതി റിപ്പോർട്ട്

സംസ്ഥാനത്ത് പ്രിയദർശിനി സൗജന്യ യാത്രാ പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് പ്രതിസന്ധിയിലായ സ്വകാര്യ ബസ് വ്യവസായത്തെ സംരക്ഷിക്കാൻ നിർണായക ശുപാർശകളടങ്ങിയ റിപ്പോർട്ട് പഠന സമിതി സർക്കാരിന് കൈമാറി. ബസുകളുടെ കാലാവധി 22ൽ നിന്ന് 25 വർഷമായി ഉയർത്തുക, സ്വകാര്യ ബസ് സർവീസിനെ വ്യവസായമായി പ്രഖ്യാപിക്കുക, പ്രതിമാസം നികുതി അടയ്ക്കാൻ അവസരം നൽകുക എന്നിവയാണ് സമിതിയുടെ പ്രധാന നിർദേശങ്ങൾ. എംഎസ്എംഇ പരിഗണന നൽകി ബസ് സർവീസുകളെ വ്യവസായമായി പ്രഖ്യാപിക്കുന്നതിലൂടെ ബാങ്ക് വായ്പകളും സാങ്കേതിക സഹായങ്ങളും മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളും ഉറപ്പാക്കാൻ കഴിയുമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ബസ് സർവീസിനെ വ്യവസായമായി പ്രഖ്യാപിക്കുന്നതിൽ സംസ്ഥാന സർക്കാരിന് എതിർപ്പില്ലെന്ന് മന്ത്രി സി.പി ജോൺ വ്യക്തമാക്കി.

RNU TVPM

***********************

## രമേശ് ചെന്നിത്തല

ലഹരിക്കെതിരായ പോരാട്ടം കേരളത്തിലെ സ്കൂൾ ക്യാമ്പസുകൾ എറ്റെടുക്കുമെന്നും ക്യാമ്പസുകളിലും ഒപ്പം സമൂഹത്തിലും വലിയ മാറ്റത്തിന് ഇത് കാരണമാകുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിന്റെ ലോഗോ പ്രകാശനം ചെയ്യുകയായിരുന്നു മന്ത്രി.

***********************

## ഓണം സ്പെഷ്യൽ ട്രെയിൻ (ഇൻട്രോ)

ഓണത്തോട് അനുബന്ധിച്ചു തിരുവനന്തപുരം ഡിവിഷനിൽ ഇക്കുറി സർവീസ് നടത്തിയത് 180 സ്പെഷ്യൽ ട്രെയിനുകൾ.

ഓണം അവധിക്കാലത്ത് യാത്ര നടത്തിയവർക്ക് സർവീസുകൾ ഏറെ ഗുണകരമായി.

ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി തയ്യാറാക്കിയ റിപ്പോർട്ട്..

(വോയ്സ്)

***********************

## വ്യോമസേനാ മ്യൂസിയം

തിരുവനന്തപുരത്ത് ആക്കുളത്തെ നവീകരിച്ച വ്യോമസേനാ മ്യൂസിയം ദക്ഷിണ വ്യോമസേനാ മേധാവി എയർ മാർഷൽ ജസ് വീർ സിംഗ് മാൻ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ഇന്ത്യൻ വ്യോമസേനയുടെ ശേഖരത്തിലുള്ള പുതിയ ഉപകരണങ്ങൾ ഉൾപ്പെടുത്തിയാണ് വിപുലമായ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയത്. പുതിയതായി ഒരുക്കിയ 'ഓപ്പറേഷൻ സിന്ദൂർ കോർണറും' മ്യൂസിയത്തിൽ ഉൾപ്പെടുന്നു.

***********************

## ബാലാവകാശ കമ്മീഷൻ

അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം പൊടിയിൽ പഞ്ചസാര ചേർക്കുന്നത് കുട്ടികളുടെ ആരോഗ്യത്തെ ബാധിക്കുമെന്ന് ബാലാവകാശ കമ്മീഷൻ. അമൃതം പൊടി നിർമ്മാണത്തിൽ പഞ്ചസാര പൂർണമായും ഒഴിവാക്കി കുറഞ്ഞ അളവിൽ ശർക്കര ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നും കമ്മീഷൻ അറിയിച്ചു.

**********************

## ഗുരുവായൂർ

ഗുരുവായൂരിൽ അഷ്ടമി രോഹിണി മഹോത്സവത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ഗുരുവായൂർ ദേവസ്വം ചെയർമാൻ എ.വി. ഗോപിനാഥ്. അന്നേ ദിവസം ക്ഷേത്രദർശനത്തിന് എത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ

RNUTVPM

പ്രസാദ ഊട്ട് നൽകുമെന്നും അദ്ദേഹം വാർത്തസമ്മേളനത്തിൽ അറിയിച്ചു.

***********************

## ശബരിമല

ശബരിമലയിൽ കന്നിമാസ പൂജയോടനുബന്ധിച്ച് ദർശനം നടത്തുന്നതിനുള്ള ഓൺലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ്. ഈ മാസം 16 നാണ് നട തുറക്കുന്നത്.

***********************

## കൊച്ചി മെട്രോ

കൊച്ചി മെട്രോ മൂന്നാം ഘട്ടത്തിൽ ആലുവ - അങ്കമാലി പാതയിൽ, എയർപോർട്ട് ഭാഗത്ത് ഭൂമിക്ക് അടിയിലൂടെ പാത കടന്നുപോകുമെന്ന രീതിയിൽ വരുന്നത് തെറ്റായ വാർത്തയാണെന്ന് കെഎംആർഎൽ. മൂന്നാംഘട്ടവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിലേക്ക് സമർപ്പിച്ച DPR പ്രകാരം 18 കിലോമീറ്റർ ദൂരമുള്ള പാത പൂർണ്ണമായും മേൽപാതയായാണ് നിർമിക്കാൻ ഉദ്ദേശിക്കുന്നത്.

***********************

## കെസിഎൽ

കേരള ക്രിക്കറ്റ് ലീഗിൽ, കൊച്ചി ബ്ലൂ ടൈഗേഴ്സിനെതിരെ, ട്രിവാൻഡ്രം റോയൽസിന് എട്ട് വിക്കറ്റ് ജയം. കൊച്ചി ഉയർത്തിയ 197 റൺ വിജയലക്ഷ്യം, ട്രിവാൻഡ്രം റോയൽസ് 18.2 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ മറികടന്നു. കാലിക്കട്ട് ഗ്ലോബ്സ്റ്റാർസ്- ഏരീസ് കൊല്ലം സെയിലേഴ്സ് മത്സരം കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അൽപസമയത്തിനകം ആരംഭിക്കും

***********************

## ക്രിക്കറ്റ് ടൂറിസം- കെ.സി.എ

സംസ്ഥാനത്തിന്റെ കായിക, ടൂറിസം മേഖലകളിൽ വൻ മാറ്റത്തിന് വഴിയൊരുക്കാൻ ക്രിക്കറ്റ് ടൂറിസം പദ്ധതിയുമായി കേരള ക്രിക്കറ്റ് അസോസിയേഷൻ. സ്വകാര്യ പങ്കാളിത്തത്തോടെ

RNU TVPM

1,500 കോടി രൂപയുടെ നിക്ഷേപമാണ് ആദ്യഘട്ടത്തിൽ കെ.സി.എ ലക്ഷ്യമിടുന്നത്. ഇതിനായി ഈ മാസം 11 ന് തിരുവനന്തപുരത്ത് പ്രത്യേക നിക്ഷേപക സംഗമം സംഘടിപ്പിക്കും.

***********************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 374 പോയിന്റ് ഇടിഞ്ഞ് 76,570 ലും നിഫ്റ്റി 141 പോയിന്റ് നഷ്ടത്തിൽ 23,914 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 2,240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,480 രൂപയും ഗ്രാമിന് 13,935 രൂപയുമാണ് ഇന്നത്തെ വില.

***********************

## പോബ്സ് എസ്റ്റേറ്റ്

ഇടുക്കി വണ്ടിപ്പെരിയാറിലെ പോബ്സ് തേയില എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ധാരണയായി. മന്ത്രി ബിന്ദു കൃഷ്ണയുടെ അധ്യക്ഷതയിൽ എസ്റ്റേറ്റ് മാനേജ്മെന്റും തൊഴിലാളി യൂണിയൻ നേതാക്കളുമായും നടത്തിയ ചർച്ചയിലാണ് തീരുമാനം. ഒരു വർഷമായി എസ്റ്റേറ്റ് പ്രവർത്തനമില്ലാതെ പൂട്ടിക്കിടക്കുകയും, തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യത്തിലുമാണ് തൊഴിൽമന്ത്രി യോഗം വിളിച്ചത്.

***********************

## ലൈഫ് ക്രമക്കേട്

ലൈഫ് ഭവനപദ്ധതിയിലെയും വീട് പുനരുദ്ധാരണ പദ്ധതിയിലെയും ഗുണഭോക്താക്കൾക്കുള്ള ഫണ്ട് വ്യാജരേഖകൾ ഉപയോഗിച്ച് തട്ടിയെടുത്തെന്ന കേസിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കസ്റ്റഡിയിൽ. പത്തനംതിട്ട ജില്ലയിലെ തണ്ണിത്തോട്,സീതത്തോട് പഞ്ചായത്തുകളിൽ നിന്ന് വ്യാജരേഖ ചമച്ച് അരക്കോടിയിലേറെ രൂപയുടെ തട്ടിപ്പ് നടത്തിയ കോന്നി മ്ലാന്തടം സ്വദേശി റാണി ലക്ഷ്മിയാണ് കസ്റ്റഡിയിലായത്.

***********************

*************

********

RNU TVPM

RNU TVPM